(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട്

1 [3052] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ പരിഷ്ക്കാരത്തിന് ഏതെങ്കിലും കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിലായി ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു കമ്മീഷനും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ഏറ്റവുമൊടുവിലായി ഭരണ പരിഷ്കാര കമ്മിറ്റിയെ നിയമിച്ചത് 26-5-1997-ലാണ്.

(സി ആന്റ് ഡി) ഈ കമ്മിറ്റി പതിനഞ്ച് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഫയൽ തീർപ്പാക്കൽ

2 [3053] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയുടെ ഭാഗമായി നടത്തിയ ഫയൽ തീർപ്പാക്കൽ പദ്ധതിയിൽ വിവിധ വകുപ്പുകളിൽ പ്രശ്നങ്ങൾ പരിഹരിക്കാതെ ആയിരക്കണക്കിന് ഫയലുകൾ ക്ലോസ് ചെയ്തതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) പ്രശ്നങ്ങൾ പരിഹരിക്കാതെ ക്ലോസ് ചെയ്ത ഫയലുകളുടെ വിശദാംശങ്ങൾ ശേഖരിക്കുമോ;

---

† അനുബന്ധം IV കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്രകാരം ഫയൽ ക്ലോസ് ചെയ്ത വകുപ്പ് മേധാവിയുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രശ്നങ്ങൾ പരിഹരിക്കാതെ ഫയൽ തീർപ്പ് ആക്കിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

സർക്കാർ ജീവനക്കാർക്കായി പ്രതിമാസം ചെലവാകുന്ന തുക

3 [T3054] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൽനിന്നും പ്രതിമാസം ശമ്പളം പറ്റുന്ന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും കൂടിയുള്ള മൊത്തം ജീവനക്കാർ എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തിനായി പ്രതിമാസം വേണ്ടിവരുന്ന ആകെ തുക എത്രയെന്ന് അറിയിക്കാമോ;

(സി) സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് ശമ്പളത്തിനുപുറമെ നൽകുന്ന മറ്റാനുകൂല്യങ്ങൾക്ക് ചെലവാക്കുന്ന തുക എത്രയെന്ന് ഓരോന്നും വക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിൽനിന്നും നേരിട്ട് ശമ്പളം പറ്റുന്ന ജീവനക്കാരുടെ എണ്ണം 486131 ആണ്. അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാരിൽനിന്നും നേരിട്ട് ശമ്പളം പറ്റുന്ന ജീവനക്കാരുടെ ശമ്പളത്തിനായി പ്രതിമാസം ശരാശരി 488.35 കോടി രൂപ വേണ്ടി വരും. അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly